കണ്ണൂർ ജില്ലയിലെ ആദിവാസി കോളനികളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

127. [127] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ കണ്ണവം കോളനിയിലെ ക്വിന്റർ ഗാർട്ടനിലെ കുട്ടികൾക്ക് പോഷകാഹാരങ്ങൾ അരി, പയർ, മുട്ട, പഴം എന്നിവ കൃത്യമായി ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പോഷകാഹാരങ്ങൾ നൽകിയ വകയിൽ 2003 ഡിസംബർ മുതൽ 2005 നവംബർ 30 വരെ എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക എന്ന് നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ എൽ. പി., യു. പി. ഹൈസ്കൂൾ വിഭാഗങ്ങളിലായി 300-ഓളം സ്കൂളുകൾ ലഭ്യമാണ്. കൂടാതെ 8 പ്രീമെട്രിക് ഹോസ്റ്റലുകൾ, ഒരു നഴ്സറി സ്കൂൾ, ഒരു എം. ആർ. എസ്. എന്നിവയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി പ്രവർത്തിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) 57,372 രൂപ.

(ഡി) ക്വിന്റർ ഗാർട്ടനുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക ഉടനെ അനുവദിച്ചു നൽകുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

128. [128] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ വീഴ്ചകളുണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly